നമ്പർ676/SLNA02/2016/CRD

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, തിരുവനന്തപുരം
തീയതി 1.11.2016

# സർക്കുലർ

സർ,

വിഷയം:- പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന - വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ - മഴവെള്ള സംഭരണം - സംബന്ധിച്ച്

സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. ഈ വർഷം ലഭിക്കേണ്ടുന്ന മൺസൂൺ മഴയിൽ ഗണ്യമായ കുറവാണ് അനുഭവപ്പെട്ടിട്ടുള്ളത്. നമ്മുടെ കിണറുകളും ഉപരിതല ജലസംഭരണികളും അതിവേഗം വറ്റിവരളുകയാണ്. ഭൂഗർഭജലത്തിന്റെ അളവിൽ ഗണ്യമായ കുറവുവന്നിട്ടുള്ളതായി പഠനങ്ങൾ കാണിക്കുന്നു. നമുക്ക് ലഭ്യമാകുന്ന മഴവെള്ളം യാഥാവിധി സംഭരിക്കുന്നതിലും ഭൂഗർഭജലമായി റീച്ചാർജ്ജ് ചെയ്യുന്നതിലും സംഭവിക്കുന്ന വീഴ്ചയാണ് ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിലേക്ക് നയിക്കുന്നത്. ഈ സാഹചര്യത്തിൽ തുലാവർഷമഴയായും തുടർന്ന് വേനൽമഴയായും നമുക്ക് ലഭിക്കുന്ന ജലം പരമാവധി സംഭരിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകേണ്ടതുണ്ട്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകത്തിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിലും ഉൾപ്പെടുത്തി താഴെപ്പറയുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളോടും നിർദ്ദേശിക്കുന്നു.

- മഴവെള്ള സംഭരണത്തിന് സഹായകരമാകുന്ന തരത്തിൽ നീർത്തട പ്രദേശത്തെ കുളങ്ങൾ, ചെക്ക് ഡാമുകൾ, മറ്റ് ഉപരിതല ജലസംഭരണികൾ എന്നിവയുടെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ.
- മഴക്കുഴികളുടെ നിർമ്മാണം
- ഗള്ളി പ്ലഗ്ഗിങ്ങുകളും ഗാബിയോൺ സ്ട്രക്ച്ചറുകളും നിർമ്മിക്കൽ
- കല്ല്/മൺകയ്യാലകളുടെ നിർമ്മാണം.
- കോണ്ടൂർ ബണ്ടുകളും സ്റ്റാഗേഡ് ട്രഞ്ചുകളും നിർമ്മിക്കൽ
- പുതയിടൽ (mulching)
- മേൽക്കൂര മഴവെള്ള സംഭരണവും കിണർ റീച്ചാർജ്ജിങ്ങും
- പ്രദേശികമായി അനുയോജ്യമായ മറ്റ് ജലസംരക്ഷണ പ്രവർത്തനങ്ങൾ

മേൽപറഞ്ഞ പ്രവൃത്തികൾ ചെയ്യുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

- ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം മുൻഗണനാക്രമത്തിൽ ഏറ്റെടുക്കേണ്ടതാണ്.
- മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികൾ വാർഷിക കർമ്മ പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തി ഏറ്റെടുക്കാവുന്നതാണ്.

കൂടാതെ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഓരോ സ്വകാര്യ വ്യക്തിയുടെ പറമ്പിലും വീഴുന്ന മഴവെള്ളത്തെ അവിടെത്തന്നെ സംരക്ഷിക്കുകയും സംഭരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ജലത്തിന്റെ ദുരുപയോഗവും പാഴാക്കലും ഒഴിവാക്കുവാനും പുനരുപയോഗം ഉറപ്പാക്കുവാനും ജനങ്ങളെ ബോധവത്കരിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിൽ ലഭ്യമാകുന്ന മഴവെള്ളം സംഭരിക്കുവാനും ഭൂമിയിലേക്ക് റീച്ചാർജ്ജ് ചെയ്യാനും ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി., നെഹ്റു യുവകേന്ദ്ര പോലുള്ള സന്നദ്ധ സംഘടനകൾ, പ്രാദേശിക ക്ലബ്ബുകളും വായനശാലകളും തുടങ്ങിയവയുടെ സഹായസഹകരണത്തോടെ വൻതോതിൽ സന്നദ്ധസേവനം ഈ കാര്യത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതും ഗ്രാമപഞ്ചായത്തുതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ ബ്ലോക്ക് പഞ്ചായത്തുകൾ ഏകോപിപ്പിക്കേണ്ടതുമാണ്.

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മഴവെള്ള സംഭരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് (ഫോട്ടോസഹിതം) ഓരോ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും രണ്ടാഴ്ചയിലൊരിക്കൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**ഗ്രാമവികസന കമ്മിഷണർ**

അംഗീകാരത്തോടെ

ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ

പകർപ്പ്

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും
എല്ലാ എ.ഡി.സി. (ജനറൽ)മാർക്കും
എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി